**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4857** **20-03-2025 - ൽ മറുപടിയ്ക്ക്**

**വടകര വില്ല്യാപ്പള്ളി ചേലക്കാട് (കെ.ആർ.എഫ്.ബി) റോഡ് കൈയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടകര വില്ല്യാപ്പള്ളി - ചേലക്കാട് റോഡിൽ വില്യാപ്പള്ളി, ആയഞ്ചേരി, പുറമേരി, നാദാപുരം ഗ്രാമപഞ്ചായത്തുകൾക്ക് കീഴിലുള്ള പ്രദേശങ്ങളിൽ റോഡ് കൈയേറ്റങ്ങൾ കണ്ടെത്തി അടയാളപ്പെടുത്തുന്ന ജോലി നിലവിൽ ഏത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ വടകര – വില്യാപ്പള്ളി – ചേലക്കാട് റോഡ് പ്രവൃത്തിക്ക് 27.02.2025-ൽ 77.21കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി വടകര തഹസിൽദാർ (ഭൂരേഖ), സർവ്വേ നടത്തുകയും അതിർത്തി മാർക്ക് ചെയ്യുന്നതിനുള്ള കല്ലുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം അതിരുകളിൽ കല്ലുകൾ സ്ഥാപിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | അതത് പഞ്ചായത്ത് മുഖേന അതിരുകളിൽ കല്ലുകൾ സ്ഥാപിക്കണമെന്ന് തിരുമാനിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വില്ല്യാപ്പള്ളി പഞ്ചായത്തിൽ 2 point ഒഴികെയുള്ള ഭാഗത്ത് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റുള്ള പഞ്ചായത്തിലും ആവശ്യമായ കല്ലുകൾ എത്തിച്ച് നൽകിയിട്ടുണ്ട്. |
| (സി) | വടകര വില്ല്യാപ്പള്ളി - ചേലക്കാട് റോഡിൽ 12 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ആകെ നീളം വില്യാപ്പള്ളി, ആയഞ്ചേരി, പുറമേരി, നാദാപുരം പഞ്ചായത്തുകൾ വേർതിരിച്ച് വ്യക്തമാക്കാമോ? | (സി) | വടകര വില്ല്യാപ്പള്ളി - ചേലക്കാട് റോഡിൽ വില്യാപ്പള്ളി, ആയഞ്ചേരി, പുറമേരി, നാദാപുരം പഞ്ചായത്തുകളിൽ വളരെ ചുരുങ്ങിയ ഭാഗങ്ങളിൽ മാത്രമേ നിലവിൽ 12 മി. വീതി ലഭ്യമായിട്ടുള്ളൂ എന്ന് കെ.ആർ.എഫ്.ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ